ധാരാളം സ്ഥാപനങ്ങൾ ഉണ്ടാകുന്നുണ്ട്. പക്ഷേ അവിടെയെല്ലാം ഓഫീസ് തുടങ്ങാനും സ്റ്റാഫുകളെ കൊടുക്കാനും വാഹനങ്ങൾ കൊടുക്കാനും പ്രയാസമാണ്. ഏതായാലും ഇക്കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(15) സർക്കാർ വാഹനങ്ങൾ കോടതി ജപ്തി ചെയ്യുന്നതുമൂലം ഡിപ്പാർട്ടുമെന്റുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കെ. ഷാജു: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. എം.എ.സി.ടി. ക്ലെയിമുകൾ ഉൾപ്പെടെയുള്ള കേസുകൾക്കുള്ള നഷ്ടപരിഹാരത്തുക കക്ഷികൾക്ക് കൃത്യസമയത്ത് നല്കാതിരിക്കുന്നതുകൊണ്ട് സർക്കാർ വാഹനങ്ങളും വസ്തുവകകളും ജപ്തി ചെയ്യുന്നു. ഏത് വകുപ്പാണോ, പൊതുമേഖലാസ്ഥാപനമാണോ എന്നൊന്നും നോക്കാറില്ല. ഇപ്പോൾ കയ്യിൽ കിട്ടുന്ന വണ്ടികൾ ജപ്തി ചെയ്യുകയാണ്. ഇക്കഴിഞ്ഞ ദിവസം പത്തനംതിട്ടയിൽ കൃഷി വകുപ്പിന്റെ എട്ട് വാഹനങ്ങൾ ജപ്തി ചെയ്തു. അങ്ങയുടെ വാഹനമാണെങ്കിൽപ്പോലും കേരള സ്റ്റേറ്റ് എന്ന് എഴുതിവച്ചാൽ അപ്പോൾ പിടിച്ച് അകത്താക്കുന്ന ഒരു സ്ഥിതിയുണ്ട്. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് ഇത്തരം നഷ്ടപരിഹാര കേസുകളും മറ്റ് ക്ലെയിമുകളും ഉണ്ടാകുമ്പോൾ സമയബന്ധിതമായി ഇടപെട്ട് പ്രശ്ന പരിഹാരത്തിനാവശ്യമായ നടപടി സ്വീകരിക്കാൻ സർക്കാർ ഒരു പ്രത്യേക സംവിധാനമുണ്ടാക്കുമോ? കളക്ടറേറ്റും സർക്കാർ കെട്ടിടങ്ങളുമെല്ലാം ജപ്തി ചെയ്യുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും ഏക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, കൃത്യമായി അടയ്ക്കേണ്ട സംഖ്യകൾ അടയ്ക്കേണ്ട സ്ഥലത്ത് എത്തുന്നില്ല എന്നുള്ള ഒരു ബുദ്ധിമുട്ടുണ്ടെങ്കിലും ഇതല്ലാതെയും ചില കാര്യങ്ങൾ നടക്കുന്നുണ്ട്. ജുഡീഷ്യറിയെക്കുറിച്ചൊന്നും പറയാൻ വകുപ്പില്ല. ഒരു വെൻജൻസോടുകൂടി ചെയ്യുന്നു എന്ന് തോന്നിക്കുന്ന രീതിയിലുള്ള ചില സംഭവങ്ങളും നടക്കുന്നുണ്ട്. ഏതായാലും ഗവൺമെന്റ് ഇക്കാര്യം പരിഗണിക്കുന്നതാണ്. ഇത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലുമാണ്.

(16) തിരുമിറ്റക്കോട് പഞ്ചായത്തിലെ ചേലിപറമ്പിൽ അയ്യപ്പൻ മകൻ സച്ചിതാനന്ദന്റെ മരണം ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം

ശ്രീ. വി. കെ. ചന്ദ്രൻ: സർ, പാലക്കാട് ജില്ലയിൽ ചാലിശ്ശേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ തിരുമിറ്റക്കോട് പഞ്ചായത്തിലെ വെരിങ്കുന്നൂർ നാല് സെന്റ് കോളനിയിലെ താമസക്കാരനായിരുന്ന ചേലിപ്പറമ്പിൽ അയ്യപ്പൻ മകൻ സച്ചിതാനന്ദൻ 30-10-2004-ൽ സ്വന്തം വീട്ടിനകത്ത് കഴുത്തറുത്ത നിലയിൽ കാണപ്പെട്ടു. അയാളുടെ മരണം കൊലപാതകമാണെന്ന് നാട്ടുകാരും വീട്ടുകാരും സംശയിക്കുന്നു. പത്തുമാസമായിട്ടും ആരേയും പിടികൂടാൻ സാധിച്ചിട്ടില്ല. ഇതിൽ നാട്ടുകാരും

LIBRARY ARCHIVES Kerala Legislative Assembly